ഗൊദാർദിനെ തിരഞ്ഞ് ഓസ്കർ അക്കാദമി

കലിഫോർണിയ: വിഖ്യാത ഫ്രഞ്ച് സംവിധായകൻ ഷോൺ ലുക്ക് ഗൊദാർദിനെ കണ്ടവരുണ്ടോ? അന്വേഷിക്കുന്നത് ഓസ്കർ അവാർഡ് നൽകുന്ന ഹോളിവുഡിലെ അക്കാദമി ഓഫ് മോഷൻ പിക്ചേഴ്സ്. സമഗ്ര സംഭാവനയ്ക്കുള്ള ഓസ്കർ പ്രഖ്യാപിച്ചിട്ടു ദിവസങ്ങളായിട്ടും ഗൊദാർദിനെ വിവരം അറിയിക്കാൻ സാധിച്ചിട്ടില്ല. നവംബർ 13ന് അവാർഡ് സമ്മാനിക്കാനിരിക്കവേയാണ് അധികൃതർ നിസ്സഹായത വെളിപ്പെടുത്തിയത്. നടൻ എലി വാലാച്ച്, ചലച്ചിത്ര ചരിത്രകാരൻ കെവിൻ ബ്രൗൺലോ എന്നിവർക്കും സമഗ്ര സംഭാവനയ്ക്കുള്ള ഓസ്കർ പ്രഖ്യാപിച്ചിട്ടുണ്ട്. സംവിധായകൻ ഫ്രാൻസിസ് ഫോർഡ് കപ്പോളയ്ക്ക് ഇർവിങ് ജി. താൽബെർഗ് അവാർഡും ലഭിച്ചു. മേയ് മാസം നടന്ന കാൻ ഫിലിം ഫെസ്റ്റിന് ശേഷം ഗൊദാർദ് എവിടെയെന്ന് ആർക്കും അറിയില്ല. ഫോണിലൂടെയും ഇ-മെയിലിലൂടെയും ബന്ധപ്പെടാൻ ശ്രമിച്ചെങ്കിലും പരാജയപ്പെട്ടു. ലോകസിനിമയിൽ പുത്തൻ പരീക്ഷണങ്ങൾ നടത്തിയ സംവിധായകനാണ് ഗൊദാർദ്. ബ്രീത്ത്‌ലെസ് ഉൾപ്പെടെയുള്ള അദ്ദേഹത്തിന്റെ ചിത്രങ്ങൾ ഏറെ ശ്രദ്ധ നേടിയിരുന്നു. സോഷ്യലിസം എന്ന പുതുചിത്രവുമായാണ് അദ്ദേഹം കാൻ ഫെസ്റ്റിന് എത്തിയത്.

ദി ഹോളിഡേ, മിസ്ഫിറ്റ്സ് തുടങ്ങിയ ചിത്രങ്ങളിലൂടെ പ്രേക്ഷക ശ്രദ്ധ നേടിയ നടനാണ് എലി വാലാച്ച്ദി തീഫ് ഓഫ് ബഗ്ദാദ്അടക്കമുള്ള നിരവധി നിശബ്ദ ചിത്രങ്ങളുടെ ചരിത്രം കെവിൻ ബ്രൗൺലോയുടെ പുസ്തകങ്ങളിലൂടെയാണ് ലോകമറിഞ്ഞത്. അധോലോകത്തിന്റെ കഥപറയുന്ന വിഖ്യാത ചിത്രമായ ഗോഡ്ഫാദർ ഉൾപ്പെടെ നിരവധി ചിത്രങ്ങളുടെ സംവിധായകനാണ് ഫ്രാൻസിസ് കപ്പോള.

അഫ്ഗാനിൽ തീവ്രവാദികൾ 5 പേരെ വധിച്ചു

കാബൂൾ: അഫ്ഗാനിസ്ഥാൻ പാർലമെന്റ് തിരഞ്ഞെടുപ്പിൽ വനിതാ സ്ഥാനാർഥിയായി മൽസരിക്കുന്ന ഫൗസിയ ഗലാനിയുടെ അഞ്ചു സഹപ്രവർത്തകരെ തീവ്രവാദികൾ വധിച്ചു. താലിബാൻ തീവ്രവാദികളെയാണ് സംശയം. ഹെറാത്തിലെ പടിഞ്ഞാറൻ പ്രവിശ്യയിലാണ് സംഭവം. കൈകൾ ചേർത്തുകെട്ടി തലയിൽ നിറയൊഴിച്ചാണ് ഇവരെ വധിച്ചതെന്ന് പൊലീസ് അറിയിച്ചു.

സെപ്റ്റംബറിലാണ് ഇവിടെ ഉപതിരഞ്ഞെടുപ്പ് നടത്താൻ നിശ്ചയിച്ചിരിക്കുന്നത്. കഴിഞ്ഞ ബുധനാഴ്ചയാണ് തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന പത്തുപേരെ താലിബാൻ തീവ്രവാദികൾ തട്ടിയെടുത്തത്. ഇതിൽ അഞ്ചുപേരെ പിന്നീട് മോചിപ്പിച്ചു. അഫ്ഗാനിസ്ഥാനിൽ തിരഞ്ഞെടുപ്പ് നടത്തുന്നതിനോടും വനിതകൾ മൽസരിക്കുന്നതിനോടും തീവ്രവാദികൾ എതിരാണ്.

ലങ്കയിൽ ഇന്ത്യൻ ടൂറിസ്റ്റുകൾക്കു വീസ നിയന്ത്രണം

കൊളംബോ: ശ്രീലങ്കയിലേക്കു പോകുന്ന ഇന്ത്യക്കാർക്ക് അവിടെവച്ചു വീസ നൽകുന്നതു സെപ്റ്റംബർ 30 മുതൽ റദ്ദാക്കും. എന്നാൽ സിംഗപ്പൂർ, മാലദ്വീപ് എന്നിവിടങ്ങളിൽ നിന്നുള്ള സന്ദർശകരെ നിയന്ത്രണത്തിൽ നിന്ന് ഒഴിവാക്കി. ഇവരൊഴികെയുള്ള എല്ലാവരും ശ്രീലങ്കയിലേക്കു പോകുംമുൻപു കൊളംബോയിലും വിദേശത്തുമുള്ള ശ്രീലങ്കയുടെ ഇമിഗ്രേഷൻ ഓഫിസുകളിൽ നിന്നു വീസ വാങ്ങിയിരിക്കണം.

ശ്രീലങ്കയുമായി സിംഗപ്പൂരും മാലദ്വീപും പ്രത്യേക ക്രമീകരണം ഏർപെടുത്തിയിട്ടുള്ളതിനാലാണ് ആ രാജ്യങ്ങളെ ഒഴിവാക്കിയത്. ഇന്ത്യ ശ്രീലങ്കയുമായി ഇതേ ക്രമീകരണം ചെയ്തിട്ടില്ല. 1970 മുതൽ അവിടെ എത്തുമ്പോൾ 30 ദിവസത്തെ സന്ദർശന വീസ നൽകിവന്നിരുന്നതാണ് ഇപ്പോൾ നിർത്തിയത്. ഇതു ടൂറിസ്റ്റുകളുടെ വരവിനെയും ടൂറിസം വരുമാനത്തെയും ബാധിക്കുമെന്ന് ഉദ്യോഗസ്ഥർ ആശങ്ക പ്രകടിപ്പിച്ചു.

ഇക്വഡോറിൽ ബസ് കൊക്കയിലേക്കു മറിഞ്ഞ് 42 മരണം

ക്വിറ്റോ (ഇക്വഡോർ): അൻഡീൻ മേഖലയിൽ ബസ് കൊക്കയിലേക്കു മറിഞ്ഞ് 42 പേർ കൊല്ലപ്പെട്ടു. 11 പേർക്ക് പരുക്കേറ്റു. ഞായറാഴ്ച പുലർച്ചെ ക്വീൻകയിൽനിന്ന് തലസ്ഥാനമായ ക്വിറ്റോയിലേക്കു പോകുകയായിരുന്ന ബസാണ് അപകടത്തിൽപ്പെട്ടത്. ബസിൽ 53 യാത്രക്കാരുണ്ടായിരുന്നു. പരുക്കേറ്റവരുടെ നില ഗുരുതരമായി തുടരുകയാണ്.

ലാദൻ സിഐഎ ഏജന്റെന്ന് കാസ്ട്രോ

ഹവാന : അൽക്വയ്ദ നേതാവ് ഉസാമ ബിൻ ലാദൻ സിഐഎയുടെ പണം പറ്റുന്ന ഏജന്റാണെന്ന് മുൻ ക്യൂബൻ ഏകാധിപതി ഫിഡൽ കാസ്ട്രോ. വിക്കിലീക്സ് പുറത്തുവിട്ട രഹസ്യരേഖകളിൽ ഇതിനു തെളിവുണ്ടെന്നു പറഞ്ഞ കാസ്ട്രോ കൂടുതൽ വിശദീകരണത്തിനു തയാറായില്ല.

ഒരു ലിത്വേനിയൻ എഴുത്തുകാരനുമായുള്ള കൂടിക്കാഴ്ചയിലാണ് കാസ്ട്രോ ഇക്കാര്യം വ്യക്തമാക്കിയത്. ഏറെക്കാലമായി പൊതുരംഗത്തു നിന്നു വിട്ടുനിന്ന കാസ്ട്രോ അടുത്തയിടെ ടിവിയിൽ പ്രത്യക്ഷപ്പെട്ടു. ഏതാനും ലേഖനങ്ങളും അദ്ദേഹത്തിന്റേതായി വന്നു. ലോ കം ആണവയുദ്ധത്തിന്റെ വക്കിലാണെന്ന് കാസ്ട്രോ അഭിപ്രായപ്പെടുകയുണ്ടായി.

ദക്ഷിണകൊറിയയുടെ നിയുക്ത പ്രധാനമന്ത്രി രാജിവച്ചു

സിയൂൾ: ദക്ഷിണകൊറിയയുടെ നിയുക്ത പ്രധാനമന്ത്രി കിം തേഹോ രാജിവച്ചു. പ്രവിശ്യാ ഗവർണറായിരുന്ന കാലത്തെ സാമ്പത്തിക ക്രമക്കേടുകളാണ് രാജിക്കു കാരണം.

രണ്ടു നിയുക്ത മന്ത്രിമാരും രാജിവച്ചിട്ടുണ്ട്. കാബിനറ്റിൽ അഴിച്ചുപണി നടത്താനുള്ള പ്രസിഡന്റ് ലീ മ്യൂംഗ് ബാക്കിന്റെ പദ്ധതി ഇതോടെ തകർന്നു.

ഓഹരി സൂചികകൾ ചാഞ്ചാടി

മുംബൈ: വിദേശഫണ്ടുകൾ ഒടുവിൽ ചുവടുമാറ്റി ചവിട്ടിയതോടെ ബോംബെ സെൻസെക്സിന് ഏറെ നിർണായകമായ 18,000 ലെ താങ്ങ് രണ്ടു പോയിന്റ് നഷ്ടത്തിൽ കൈമോശം വന്നു. വിപണിയുടെ മുന്നോട്ടുള്ള വീക്ഷണത്തിൽ ചെറിയതോതിലുള്ള ഭേദഗതികൾ വരുത്താൻ ഈ അവസരത്തിൽ നിക്ഷേപകർ നിർബന്ധിതരായിരിക്കുകയാണ്.

സൂചികയുടെ സാങ്കേതിക വശങ്ങളിലൂടെ വിലയിരുത്തുമ്പോൾ 18,000 ന് ഏറെ പ്രാധാന്യമുണ്ടായിരുന്നു. വെള്ളിയാഴ്ച വ്യാപാരം അവസാനിക്കുമ്പോൾ സെൻസെക്സ് 17,998 ലായിരുന്നു. വിപണി ഉയർന്ന നിലവാരമായ 18,454 വരെ മുന്നേറിയ ശേഷം 17,944 ലേയ്ക്ക് പരീക്ഷണവും നടത്തി. 18,500 ലെ പ്രതിരോധം ബാലികേറാമലയായി മാറുമെന്നു വിദേശഫണ്ട് ഉടകൾക്കു ആശങ്കയുണ്ടായി. ഇതോടെ അവർ ഡെറിവേറ്റീവ് മാർക്കറ്റിൽ ലോംഗ് കവറിംഗിന് തിടുക്കവും കാണിച്ചു. ഓഗസ്റ്റ് സീരിസ് സെറ്റിൽമെന്റ് വിൽപ്പന സമ്മർദത്തിന്റെ ആക്കവും വർധിപ്പിച്ചു.

ഇതിനിടയിൽ അമേരിക്കയിലെയും യൂറോപ്പിലെയും പ്രമുഖ ഇൻഡക്സുകൾ പലതും രക്തത്തിൽ കുളിച്ചതും ഫണ്ട് മാനേജർമാരുടെ ആത്മവിശ്വാസത്തിന് മങ്ങലേൽപ്പിച്ചു. സിബിഒഇ വോളാറ്റിലിറ്റി 28.9 ലേയ്ക്ക് ഉയർന്നത് ഇടപാടുകാരെ ചക്രശ്വാസം വലിപ്പിച്ചു. എന്നാൽ വാരാന്ത്യദിനത്തിൽ 10 ശതമാനം ഇടിവിൽ സൂചിക 24.44 ലേയ്ക്ക് താഴ്ന്നത് ഓപ്പറേറ്റർമാർക്ക് പ്രതീക്ഷ പകർന്നു. ഡൗ ജോൺസ് 10,000 ലെ താങ്ങ് നിലനിർത്തിയെന്ന് മാത്രമല്ല, 10,150 ൽ ക്ലോസ് ചെയ്യുന്നുമായി. 10,250–450 ൽ പ്രതിരോധം നിലനിൽക്കുന്ന ഡൗ വിന് താങ്ങ് 9600–9400 ലാണ്. ക്ലോസിംഗ് വേളയിൽ യുഎസ് മാർക്കറ്റ് കാഴ്ചവെച്ച 164 പോയിന്റിന്റെ തിരിച്ചുവരവ് ഇന്ന് ഇടപാടുകളുടെ തുടക്കത്തിൽ ഏഷ്യൻ വിപണികളിൽ വൻ സ്വാധീനം ചെലുത്താൻ ഇടയുണ്ട്.

നീക്കിക്കും ഹാൻസെങ്ങിനും ഈ അനുകൂല വാർത്ത പ്രചോദനമായാൽ സ്വാഭാവികമായും ബിഎസ്ഇ സൂചികയും തിങ്കളാഴ്ച്ച നേട്ടത്തിലേയ്ക്ക് തിരിയാം. കഴിഞ്ഞവാരം 403 പോയിന്റ് ഇടിവാണ് വിപണിക്ക് നേരിട്ടത്. അതാവട്ടെ മൂന്ന് മാസത്തിനിടയിലെ ഏറ്റവും കനത്ത പ്രതിവാര നഷ്ടവും. സെൻസെക്സിന് നിലവിൽ 17,810 ൽ ആദ്യ താങ്ങ് പ്രതീക്ഷിക്കാം ഇതു നിലനിർത്താനായില്ലെങ്കിൽ വിപണി 17,622–17,300 റേഞ്ചിലേക്ക് തിരിയാൻ നിർബന്ധിതമാവും. അതേ സമയം അനുകൂല വാർത്തകൾ പുതിയ നിക്ഷേപത്തിനുള്ള അവസരമാക്കി ഫണ്ടുകൾ മാറ്റിയാൽ സൂചികയ്ക്ക് 18,320 ൽ ആദ്യ പ്രതിരോധം നേരിടേണ്ടതായി വരും. ഇത് തകർക്കാനുള്ള കരുത്തു ക്ലോസിംഗ് വേളയിൽ കണ്ടെത്താനായാൽ 18,454–18,642 ലേക്ക് ചുവടുവയ്ക്കാം.

പിന്നിട്ടവാരം 122 പോയിന്റിന്റെ തിരിച്ചടി നേരിട്ട നിഫ്റ്റി 5,409 ലാണ്. ഒരവസരത്തിൽ 5,550 വരെ മുന്നേറിയ സൂചിക വിൽപ്പന സമ്മർദത്തിൽ 5,392 ലേക്ക് ഇടിഞ്ഞിരുന്നു. ഡെറിവേറ്റീവ് മാർക്കറ്റിൽ 1.40 ലക്ഷം കോടി രൂപയുടെ വൻ ഓപ്പൺ ഇൻട്രസ്റ്റിലാണ് സെപ്റ്റംബർ സീരിസിന് തുടക്കം കുറിച്ചിട്ടുള്ളത്. അതേസമയം വിദേശഫണ്ടുകൾ ബാധ്യതകൾ വിറ്റുമാറാൻ വാരാവസാനം കൂടുതൽ തിടുക്കം കാണിച്ചു.

ഹെവിവെയിറ്റ് ഓഹരിയായ ജെപി അസോസിയേറ്റ്സ് ഒമ്പതുശതമാനം നഷ്ടത്തിൽ 112 രൂപയായി താഴ്ന്നു. ഹിൻഡാൽകോ, റിലയൻസ് ഇൻഫ്രാ, ഡിഎൽഎഫ് , ഐസിഐസിഐ ബാങ്ക്, എച്ച്ഡിഎഫ്സി, റിലയൻസ് വിപ്രോ, സ്റ്റർലൈറ്റ് തുടങ്ങിയവയ്ക്കും തിരിച്ചടിനേരിട്ടു. അതേ സമയം മികച്ച നേട്ടത്തിൽ ഒഎൻജിസി, എയർടെൽ, എൻടിപിസി എന്നിവ തിളങ്ങി. ആഗോള വിപണിയിൽ ക്രൂഡ് ഓയിൽ വില 75 ഡോളറിലേയ്ക്ക് തിരിച്ചു കയറി. ഫോറെക്സ് മാർക്കറ്റിലെ ചലനങ്ങളും ഓഹരി വിപണികളിൽ നിലനിന്ന മരവിപ്പും എണ്ണ വിപണിക്ക് ചൂടുപകർന്നു. ഒപ്പം സ്വർണവും നിക്ഷേപ താത്പര്യത്തിൽ തിളങ്ങി. ന്യൂയോർക്കിൽ വാരാവസാനം സ്വർണം ഔൺസിന് 1,239 ഡോളറിലാണ്.

ടാറ്റ ചെയർമാൻ പദവിയിലേക്ക് ഇന്ദിരാ നൂയിയുടെ പേരും

ന്യൂഡൽഹി: പെപ്സി കമ്പനിയുടെ ചെയർപേഴ്സണും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമായ ഇന്ദിരാ നൂയി ടാറ്റാ ഗ്രൂപ്പിന്റെ അധ്യക്ഷ പദവിയിലേക്കു വരുമെന്ന പ്രചാരണം വ്യാപകമായി. പലരുടെയും പേരുകൾ പ്രചാരത്തിലുണ്ടെങ്കിലും ഇന്ദിരയുടെ പേരാണ് ഏറ്റവും സജീവം. എന്നാൽ അവർ ഈ വാർത്തകൾ നിഷേധിച്ചിട്ടുണ്ട്. ലോകത്തെ ഏറ്റവും സ്വാധീനിച്ച വനിതകളിലൊരാളായി തെരഞ്ഞെടുക്കപ്പെട്ട വ്യക്തിയാണ് ഇന്ദിരാനൂയി. ഇപ്പോത്തെ ജോലിയെ താൻ ഏറെ ഇഷ്ടപ്പെടുന്നുവെന്ന് ഇന്ദിര പറയുന്നു.

എന്നാൽ ടാറ്റാ കമ്പനിയെക്കുറിച്ചും രത്തൻ ടാറ്റയെക്കുറിച്ചുമുള്ള ഇന്ദിരയുടെ വാക്കുകൾക്കു അതീവ പ്രാധാന്യം കൽപ്പിക്കേണ്ട സ്ഥിതിയാണെന്നു നിരീക്ഷകർ പറയുന്നു. അവിശ്വസനീയ നിലയിൽ പ്രവർത്തിക്കുന്ന ഒരു കമ്പനിയുടെ അവിശ്വസനീയനായ വ്യക്തിയെന്നാണ് രത്തൻ ടാറ്റയെക്കുറിച്ച് ഇന്ദിര പറഞ്ഞത്. ആറായിരം കോടി ഡോളറിന്റെ വരുമാനവും 2,85,000 പേർ ജോലി ചെയ്യുന്നതുമായ ആഗോളക്കുത്തകയാണ് പെപ്സി. അവിടെ താൻ ഏറെ സംതൃപ്തയാണെന്നു പറയുന്നതിനൊപ്പം ടാറ്റയെ വാനോളം പുകഴ്ത്തുകയും ചെയ്യുന്നു. ടാറ്റയെ രാഷ്ട്രനിർമാതാക്കളെന്നും പ്രതിഭാസമെന്നും ഇന്ത്യയുടെ മുഖമെന്നുമൊക്കെയാണ് ഇന്ദിര വിശേഷിപ്പിക്കുന്നത്. രത്തൻ ടാറ്റയുടെ അർധസഹോദരനായ നോയൽ ടാറ്റ പിൻഗാമിയാകുമെന്നു പ്രതീക്ഷിക്കുന്നതിനൊപ്പം റെനോ നിസാൻ സഖ്യത്തിന്റെ ചീഫ് എക്സിക്യൂട്ടീവും ചെയർമാനുമായ കാർലോസ് ഗോസന്റെ പേരും പ്രചരിക്കുന്നുണ്ട്.

ധോണിക്ക് ഒന്നാം സ്ഥാനം നഷ്ടമായി

ദുബായ്: ഐസിസി ഏകദിന ബാറ്റ്സ്മാൻമാരുടെ റാങ്കിങ്ങിൽ ഇന്ത്യൻ ക്യാപ്റ്റൻ മഹേന്ദ്ര സിങ് ധോണിക്ക് ഒന്നാം സ്ഥാനം നഷ്ടമായി. ദക്ഷിണാഫ്രിക്കയുടെ എബി ഡിവില്ലിയേഴ്സാണ് ഇപ്പോൾ ഒന്നാം സ്ഥാനത്ത്. ഇന്ത്യൻ ഓപ്പണിങ് ബാറ്റ്സ്മാൻ വീരേന്ദർ സേവാഗ് ആദ്യ പത്തിൽ തിരിച്ചെത്തി. എട്ടാം സ്ഥാനത്താണ് സേവാഗ് ഇപ്പോൾ.

ത്രിരാഷ്ട്ര ക്രിക്കറ്റിന്റെ ഫൈനലിൽ ശ്രീലങ്കയോട് പരാജയപ്പെട്ടെങ്കിലും ഇന്ത്യൻ ടീം രണ്ടാം സ്ഥാനം നിലനിർത്തി. ഇന്ത്യക്കെതിരെ നേടിയ വിജയത്തോടെ ശ്രീലങ്ക ആറാം സ്ഥാനത്തുനിന്ന് മൂന്നാം സ്ഥാനത്ത് എത്തി.

ബ്ലാക്ക് ബെറിക്കു പിന്നാലെ ഗൂഗിളിനും യാഹൂവിനും നിയന്ത്രണം?

ന്യൂഡൽഹി: ബ്ലാക്ക് ബെറിക്കു പിന്നാലെ ഗൂഗിളും യാഹൂവും ഉൾപ്പെടെയുള്ള ഇന്റർനെറ്റ് സേവനദാതാക്കൾക്കും നിയന്ത്രണം ഏർപ്പെടുത്താൻ കേന്ദ്ര സർക്കാർനീക്കം. ഇ മെയിലുകളും മറ്റ് സന്ദേശങ്ങളും നിരീക്ഷിക്കാൻ കഴിയുംവിധം ഇന്ത്യയിൽ സെർവറുകൾ സ്ഥാപിക്കണമെന്നാണ് ആവശ്യം. ഇതിന് തയ്യാറായില്ലെങ്കിൽ നിരോധനം നേരിടേണ്ടി വരുമെന്ന് സർക്കാർ ഈ കമ്പനികൾക്ക് മുന്നറിയിപ്പ് നൽകി.

തീവ്രവാദികളും മറ്റ് ദേശവിരുദ്ധ ശക്തികളും ഇന്റർനെറ്റ് സേവനങ്ങൾ വ്യാപകമായി ദുരുപയോഗം ചെയ്യുന്ന സാഹചര്യത്തിലാണ് കേന്ദ്ര സർക്കാർ കർശന നടപടിക്കൊരുങ്ങുന്നത്. തീവ്രവാദബന്ധമുണ്ടെന്ന് സംശയിക്കുന്നവരുടെ ഇമെയിലുകൾ നിരീക്ഷിക്കാൻ, ഇന്റലിജൻസ് ഏജൻസികൾക്ക് കഴിയുമെങ്കിലും ഇൻബോക്സിൽനിന്ന് ഡിലീറ്റ് ചെയ്യുന്ന മെയിലുകൾ വീണ്ടെടുക്കാൻ സാധിക്കില്ല.

സേവനദാതാക്കളുടെ പ്രധാന സെർവർ വിദേശത്തായതു കൊണ്ടാണ് ഈ പ്രശ്നം. തീവ്രവാദികൾക്കു പുറമേ സാമ്പത്തിക കുറ്റവാളികൾക്കും മയക്കുമരുന്ന് കടത്തുകാർക്കും സാമൂഹ്യവിരുദ്ധ ശക്തികൾക്കും ഇത് ഗുണംചെയ്യുന്നുണ്ട്. ഈ സാഹചര്യത്തിൽ ഇന്ത്യയിൽ പ്രവർത്തിക്കുന്ന എല്ലാ ഇന്റർനെറ്റ് സേവനദാതാക്കളും, രാജ്യത്ത് സെർവർസ്ഥാപിക്കണമെന്ന് കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടു.

ഇതിന് തയാറാകാത്ത കമ്പനികളെ നിരോധിക്കണമെന്ന് സെൻട്രൽ ഇക്കണോമിക് ഇന്റലിജൻസ് ബ്യൂറോ, നാഷണൽടെക്നിക്കൽറിസർച്ച് ഓർഗനൈസേഷൻ, റവന്യൂ ഇന്റലിജൻസ് എന്നിവയുടെ സംയുക്തയോഗം ശുപാർശ ചെയ്തു. ജി മെയിൽവഴി സൗജന്യ ഫോൺ കോളുകൾ അനുവദിക്കുന്നത് ടെലികോം നിയമത്തിന് വിരുദ്ധമാണെന്നും, ഇത് അനുവദിക്കരുതെന്നും യോഗം ശുപാർശ ചെയ്തു. ബ്ലാക്ക് ബെറിക്ക് നൽകിയ സമയപരിധി ചൊവ്വാഴ്ച അവസാനിക്കാനിരിക്കേയാണ് പുതിയ നടപടി.

അഗ്നിപർവതം പൊട്ടിയതിനെത്തുടർന്ന് അവധിപ്രഖ്യാപിച്ചതുമൂലം കുട്ടികൾ വീടുകളിലേക്ക് മടങ്ങുന്നു. പശ്ചാത്തലത്തിൽ പുകയുന്ന അഗ്നിപർവ്വതം

സുമാത്രയിൽ അഗ്നിപർവതം പൊട്ടി; ആയിരങ്ങൾ പലായനംചെയ്തു

ജക്കാർത്ത: ഇന്തോനേഷ്യയിലെ ഉത്തര സുമാത്രയിലുള്ള സിനാബുഗ് അഗ്നിപർവതം പൊട്ടിയതിനെത്തുടർന്ന് ആയിരങ്ങൾ പലായനം ചെയ്തു. രണ്ടു പേർ മരിച്ചു. ഇതിനു മുമ്പ് 1600ലാണ് 2460 മീറ്റർ ഉയരമുള്ള ഈ അഗ്നിപർവതം പൊട്ടിയതെ ന്ന് അഗ്നിപർവത വിദഗ്ധനായ സുരോനോ പറഞ്ഞു.

മേഖലയിൽ റെഡ് അലർട്ട് പ്രഖ്യാപിച്ചെന്നും 12000 പേരെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റിപ്പാർപ്പിച്ചെന്നും അദ്ദേഹം അറിയിച്ചു. സ്ഫോടനത്തെത്തുടർന്ന് മൗണ്ട് സിനാബുഗിൽ നിന്നുള്ള പുകയും പൊടിപടലങ്ങളും ഒന്നര കിലോമീറ്റർ മുകളിലേക്ക് ഉയർന്നു.

ലാവാ പ്രവാഹവുമുണ്ടായി. ശ്വാസവൈഷമ്യം നിമിത്തമാണ് ഒരാൾ മരിച്ചത്. രണ്ടാമൻ ഹൃദയസ്തംഭനം മൂലവും. ട്രക്കുകളിലും ആംബുലൻസുകളിലും ബസുകളിലുമായി പലായനം ചെയ്യുന്നതിനിടെ രണ്ടുപേർക്ക് റോഡപകടത്തിൽ പരിക്കേറ്റിട്ടുണ്ട്.

മൗണ്ട് സിനാബുഗിന്റെ താഴ്‌വാരങ്ങൾ കാർഷിക മേഖലയാണ്. ഏതാനും ദിവസങ്ങളായി അഗ്നിപർവതത്തിൽ നിന്നു മുരൾച്ച കേൾക്കാമായിരുന്നു. കഴിഞ്ഞ രാത്രിയാണ് സ്ഫോടനം ഉണ്ടായത്. ലാവാ പ്രവാഹമുണ്ടായെങ്കിലും റോഡുകൾക്കും പാലങ്ങൾക്കും കേടുപാടില്ല.

സമീപത്തെ പ്രധാന നഗരമായ മേഡനിലെ വിമാന സർവീസുകളും മുടക്കം കൂടാതെ നടന്നു.

ഏഴുവയസുകാരൻ ബ്രിട്ടീഷ് സർക്കാരിന്റെ ഉപദേഷ്ടാവ്

ലണ്ടൻ: ഏഴുവയസുകാരൻ ഓസ്കർ സെൽബി സാമ്പത്തിക പ്രശ്നങ്ങൾ സംബന്ധിച്ച് ബ്രിട്ടീഷ് സർക്കാരിന് ഉപദേശം നൽകുന്നതായി ഡെയിലി മെ യിൽ പത്രം റിപ്പോർട്ടു ചെയ്തു. ബ്രിട്ടനിലെ സ റേയിലെ എപ്സം സ്വദേശിയായ ഓസ്കർ, സ്റ്റാംഫോർഡ് ഗ്രീൻ പ്രൈമറി സ്കൂൾ വിദ്യാർഥിയാണ്. പതിനാലാം വയസിൽ സാധാരണ വിദ്യാർഥികൾ പാസാകാറുള്ള ജിസിഎസ്ഇ മാത്സ് പരീക്ഷ എ ഗ്രേഡ് നേടി കഴിഞ്ഞ യാഴ്ച ഓസ്കർ പാസായി. കണക്കിൽ ഒരു ജീനിയസാണ് ഓസ്കറെന്ന് അധ്യാപകർ സാക്ഷ്യപ്പെടുത്തുന്നു.

ബ്രിട്ടന്റെ ബജറ്റ് കമ്മി ദൂരീകരിക്കുന്നതിന് എന്തു പ്രതിവിധിയാണ് നിർദേശിക്കുന്നതെന്ന ചോദ്യത്തിന് നികുതി കൂട്ടണമെന്നായിരുന്നു ഓസ്കറിന്റെ മറുപടി. തൊഴിലവസരങ്ങൾ വർധിപ്പിക്കുകയും വേണം.

പ്രകൃതിക്ഷോഭങ്ങൾ ഉണ്ടാവുമ്പോൾ ദുരിതാശ്വാസത്തിനു കൂടുതൽ തുക ചെലവഴിക്കണമെന്ന് ധനവകുപ്പിന്റെ ചാൻസലർ ജോർജ് ഓസ്ബോണിനോട് ഓസ്കർ ആവശ്യപ്പെട്ടു. പ്രായം ചെന്നവർക്കുള്ള ക്ഷേമ പ്രവർത്തനങ്ങൾക്കും തുക നീക്കിവയ്ക്കണം. എന്നാൽ രാഷ്ട്രീയത്തിൽ പ്രവേശിക്കാനാഗ്രഹമില്ലെന്നും ഇന്ധനം വേണ്ടാത്ത കാർ നിർമിക്കുകയാണ് തന്റെ ഏറ്റവും വലിയ ആഗ്രഹമെന്നും ഡെയിലി മെയിൽ ലേഖകനുമായി നടത്തിയ അഭിമുഖത്തിൽ 'കുട്ടി ജീനിയസ്' വ്യക്തമാക്കി.

ഏഴ് യുഎസ് സൈനികർ കൊല്ലപ്പെട്ടു

കാബൂൾ : അഫ്ഗാനിസ്ഥാനിലെ വിവിധ പ്രദേശങ്ങളിൽ നടന്ന ഏറ്റുമുട്ടലുകളിൽ ഏഴ് യുഎസ് സൈനികർ കൊല്ലപ്പെട്ടു. കിഴക്കൻ മേഖലയിൽ മൂന്നു പേരും തെക്കൻ മേഖലയിൽ നാലുപേരുമാണു കൊല്ലപ്പെട്ടതെന്ന് സൈനിക വക്താവ് അറിയിച്ചു. ഇതിനിടെ, ഒരു വനിതാ സ്ഥാനാർഥിക്കുവേണ്ടി പ്രചാരണം നടത്തുന്ന അഞ്ചു പ്രവർത്തകരെ തോക്കുധാരികൾ വെടിവച്ചുകൊന്നതായി ഒരു അഫ്ഗാൻ ഉദ്യോഗസ്ഥൻ അറിയിച്ചു.

ഇറ്റിയോസ് ട്രയൽ ഉത്പാദനം അടുത്തമാസം

ന്യൂഡൽഹി: ടൊയോട്ടയുടെ പ്രസ്റ്റീജ് ചെറുകാർ ഇറ്റിയോസിന്റെ ട്രയൽ ഉത്പാദനം അടുത്തമാസം ആരംഭിക്കും. കിർലോസ്കറുമായി ചേർന്നു രൂപീകരിച്ച സംയുക്ത സംരംഭത്തിന്റെ അടിസ്ഥാനത്തിൽ ബാംഗളൂരിൽ 3200 കോടിയുടെ ഉത്പാദന സമുച്ചയം തീർത്തിട്ടുണ്ട്. ഇവിടെ നിർമിക്കുന്ന കാർ ഡിസംബറോടെ ഇന്ത്യൻ ഉപയോക്താവിനു ലഭിക്കും. അടുത്തമാസവും ഒക്ടോബറിലുമായി രണ്ട് ട്രയൽ ഉത്പാദനം നടത്താനാണ് ടൊയോട്ട കിർലോസ്കർ ഉദ്ദേശിക്കുന്നത്. ട്രയൽ ഉത്പാദനത്തിലുള്ള കാറുകൾ വിപണിയിലെത്തില്ല.

ഇവ വിവിധ പരിശോധനകൾക്കു ശേഷം നശിപ്പിക്കുമെന്ന് കമ്പനി ഡെപ്യൂട്ടി എംഡി ശേഖർ വിശ്വനാഥൻ പറഞ്ഞു. കഴിഞ്ഞ നാലുവർഷമായി പുതിയ മോഡൽ വികസിപ്പിച്ചെടുക്കാൻ വേണ്ടി രണ്ടായിരം എൻജിനീയർമാർ ശ്രമം നടത്തിവരികയായിരുന്നു.

വെനസ്വേലയിൽ ഹെലികോപ്റ്റർ തകർന്ന് 10 മരണം

കാരക്കാസ്: വെനസ്വേലയിൽ സൈനിക ഹെലികോപ്റ്റർ തകർന്ന് 10 പേർ കൊല്ലപ്പെട്ടു. കൊളമ്പിയൻ അതിർത്തിയിലാണ് ഹെലികോപ്റ്റർ തകർന്നു വീണത്. അപ്യൂറിൽ മയക്കുമരുന്ന് വേട്ടയ്ക്കായി നിയോഗിച്ച സംഘമാണ് അപകടത്തിൽപ്പെട്ടതെന്ന് പ്രസിഡന്റ് ഹ്യൂഗോ ഷാവേസ് പറഞ്ഞു. റഷ്യൻനിർമിത എംഐ-17 ഹെലികോപ്റ്ററാണ് അപകടത്തിൽപ്പെട്ടത്. സംഭവത്തെക്കുറിച്ച് അന്വേഷണത്തിന് ഉത്തരവിട്ടതായി ഷാവേസ് പറഞ്ഞു.

സംഗീതസാന്ത്വനം ശ്രദ്ധേയമായി

അമ്പലപ്പുഴ: പുന്നപ്ര സഹകരണആശുപത്രിയുടെ ഉദ്ഘാടനത്തോടനുബന്ധിച്ച് കൈതപ്രം ദാമോദരൻ നമ്പൂതിരിയുടെ സംഗീതസാന്ത്വനം പരിപാടി ശ്രദ്ധേയമായി. നിറഞ്ഞ സദസിനെ സാക്ഷിയാക്കി ആയിരങ്ങളാണ് സംഗീതസാന്ത്വനം പരിപാടിയിൽ പങ്കെടുക്കാനെത്തിയത്.

വാതാപി പാടിയശേഷം കൈതപ്രം ദാമോദരൻ നമ്പൂതിരി രചിച്ച അമ്പലപ്പുഴ ഉണ്ണിക്കണ്ണനോടുനീ എന്ന ഗാനങ്ങളടക്കം നിരവധി ഗാനങ്ങളാണ് ശ്രോതാക്കൾക്കുമുമ്പിൽ അവതരിപ്പിച്ചത്. സംഗീത ചികിത്സയിലൂടെ രോഗം ഭേദപ്പെട്ട ആറുവയസുകാരി രാധികയുടെ കാര്യം കൈതപ്രം സദസിൽ പറഞ്ഞു. മരണവുമായി മല്ലടിച്ച് വണ്ടാനം മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സയിലിരുന്ന തൃക്കുന്നപ്പുഴ സ്വദേശി രാധികയെന്ന ആറുവയസുകാരിയെ വണ്ടാനം മെഡിക്കൽ കോളജിലെ ശിശുരോഗവിഭാഗം മേധാവി ഡോ. ഗിരിജാ മോഹന്റെ നേതൃത്വത്തിലാണ് സംഗീതത്തിലൂടെ പുനർജീവൻ നൽകിയത്. സംഗീതം ഏതുരോഗത്തിനും മനസിനെ തണുപ്പിക്കുന്നതിനും നല്ലതാണെന്നും അദ്ദേഹം പറഞ്ഞു. മന്ത്രി സുധാകരനടക്കം നിരവധി വ്യക്തികളാണ് സംഗീത സാന്ത്വനം ആസ്വദിക്കാനെത്തിയിരുന്നത്.

ദേവസ്വം സാക്ഷ്യപത്രം നൽകുന്നില്ല; വിവാഹ രജിസ്ട്രേഷനു ബുദ്ധിമുട്ട്

ഗുരുവായൂർ: ദേവസ്വത്തിന്റെ പൂന്താനം ഓഡിറ്റോറിയത്തിൽ വിവാഹസത്കാരം കഴിഞ്ഞവർക്ക് സാക്ഷ്യപത്രം നൽകാത്തതിനാൽ വിവാഹരജിസ്ട്രേഷൻ നടത്താത്താനാവാതെ ബുദ്ധിമുട്ടുന്നു. ക്ഷേത്രത്തിൽ ശനിയാഴ്ച വിവാഹിതരായശേഷം പൂന്താനം ഓഡിറ്റോറിയത്തിൽ സത്കാരം നടത്തിയ മണലൂർ സ്വദേശി വരനും കോഴിക്കോട് സ്വദേശിയായ വധുവിനും പൂന്താനം ഓഡിറ്റോറിയത്തിൽ വിവാഹസത്കാരം നടന്നു എന്ന സാക്ഷ്യത്രം ലഭിക്കാത്തതിനാൽ നഗരസഭയിൽ നിന്ന് വിവാഹസർട്ടിഫിക്കറ്റ് ലഭിച്ചില്ല. ഇതേത്തുടർന്ന് വിവാഹദിവസം ദമ്പതികൾക്ക് വധുവിന്റെ വീട്ടിലെത്താനുമായില്ല.

അടുത്ത ദിവസം നഗരസഭ ചെയർപേഴ്സന്റെ ശുപാർശയിലാണ് നഗരസഭ വിവാഹസർട്ടിഫിക്കറ്റ് നൽകിയത്.ദിവസവാടക 56700 രൂപയ്ക്കാണ് ദേവസ്വം പൂന്താനം ഓഡിറ്റോറിയം വാടകയ്ക്ക് നൽകുന്നത്. നഗരസഭയിൽ നിന്ന് വിവാഹസർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് മറ്റു രേഖകൾക്കു പുറമെ വിവാഹസത്കാരം നടന്ന ഓഡിറ്റോറിത്തിന്റെ സാക്ഷ്യപത്രവും ഹാജരാക്കണമെന്നാണ് നിയമം.

RNI No. 65823/95 Owned by Sree Ram Charitable Trust, Edited and Published by Swami Krishnananda Saraswathy, Reg. Office: Ambika Bhavan, G.P.O. Lane, Statue, Thiruvananthapuram - 695 001.
Phone : 0471-3012185, Fax : 0471 -2462464. E-mail : punnyabhoomi@hotmail.com. Website : www.punnyabhoomi.org